## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.168. 17.03.2015 ൽ മറുപടിയ്ക്ക്.

### കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ<br>,, ടി.എൻ. പ്രതാപൻ<br>,, അൻവർ സാദത്ത്<br>,, എ.റ്റി.ജോർജ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി. യുടെ ടൗൺ ടു ടൗൺ ഒഴികെയുള്ള ഓർഡിനറി ബസ്സുകളിലും ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളിലും 01.02.2015 മുതൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ യാത്രാസൗജന്യം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റിന്റെ മാതൃകയിലുള്ള 10/- രൂപയുടെ കാർഡ് കെ.എസ്.ആർ. ടി.സി. യുടെ യൂണിറ്റുകളിൽ നിന്നും സൗജന്യയാത്രയ്ക്കു വേണ്ടി വിതരണം ചെയ്തു വരുന്നുണ്ട്. ടി കാർഡ് ഉപയോഗിച്ച് സൗജന്യ യാത്രാ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | യാത്രാസൗജന്യം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എങ്ങനെ നേരിടാനാണ് കെ.എസ്. ആർ.ടി.സി. ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ; | (സി) | ഇതു സംബന്ധിച്ച പദ്ധതികൾ ആലോചിച്ചുവരികയാണ്. |
| (ഡി) | യാത്രാസൗജന്യം നടപ്പാക്കാനായി എന്തെല്ലാം നടപടികൾ ഭരണ തലത്തിൽ എടുത്തിട്ടുണ്ട്; വിശദമാക്കാമോ ? | (ഡി) | കെ.എസ്.ആർ.ടി.സി. തലത്തിൽ വിദ്യാർത്ഥികൾക്കായി 10 രൂപയുടെ കാർഡ് പ്രിന്റ് ചെയ്ത് യൂണിറ്റുകൾക്ക് വിതരണം ചെയ്യുകയും സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിനാവശ്യമായ അനുവാദം യൂണിറ്റധികാരികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.